(ബി) കെട്ടിട ഉടമകൾക്ക്, കേരളാ കോസ്റ്റൽ സോണൽ മാനേജ്മെന്റ് അതോറിറ്റിയിൽനിന്നും എൻ.ഒ.സി. ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999-ലെ വ്യവസ്ഥകൾ ക്കനുസരിച്ചും മറ്റ് വിവിധ നിയമവ്യവസ്ഥകളിൽ അനുശാസിക്കപ്പെട്ട നിബന്ധനകൾക്ക് അനുസൃതമായും മാത്രമാണ് സംസ്ഥാനത്ത് നഗരസഭാ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുന്നത്. നിയമ വിരുദ്ധമായും അംഗീകാരം കൂടാതെയും നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ 1994-ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിലെ 406-ാം വകുപ്പിന് അനുസൃതമായി നോട്ടീസും താൽക്കാലിക ഉത്തരവും നൽകി കക്ഷികളെ നേരിൽ വിചാരണ ചെയ്ത് അനധികൃത കെട്ടിടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളാണ് കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർ സ്വീകരിച്ചു വരുന്നത്. 2014-ലെ കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂലൈസേഷൻ ഓഫ് അൺഔതറൈസ്ഡ് കൺസ്ട്രക്ഷൻ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം കെ.എം.ബി.ആർ. 1999-ലെ സേഫ്റ്റി ആന്റ് സെക്യൂരിറ്റി വ്യവസ്ഥകളെ ബാധിക്കുന്നതും ടൗൺ പ്ലാനിംഗ് സ്കീമുകൾ, ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമെയിൻസ് ആക്ട്, കോസ്റ്റൽ സോൺ റഗുലേഷൻസ്, നെൽവയൽ സംരക്ഷണ നിയമം എന്നിവ ഉൾപ്പെടെയുള്ള വ്യവസ്ഥകളെ പ്രതികൂലമായി ബാധിക്കാത്ത അനധികൃത കെട്ടിടങ്ങളെ ചില വ്യവസ്ഥകൾക്ക് വിധേയമായി ക്രമീകരിച്ചു നല്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാനങ്ങളുടെ പദ്ധതിപ്പണം

8 (*128) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. ഹംസ :
ശ്രീ. ബി. സത്യൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിപ്പണം പിൻവലിക്കുന്നതിനായി നിലവിലുള്ള രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇത്തരത്തിലുള്ള തീരുമാനം കൈക്കൊള്ളാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടോ ; പഞ്ചായത്ത്/മുൻസിപ്പൽ/കോർപ്പറേഷനുകൾക്ക് ഒരു മാസം പിൻവലിക്കാവുന്ന പരമാവധി പദ്ധതി പണം എത്രയാണ് ; ഈ നിലയിൽ അവശേഷിക്കുന്ന സമയംകൊണ്ട് പദ്ധതിപ്പണം പൂർണ്ണമായും വിനിയോഗിക്കാൻ പറ്റുമോ ;

(ഡി) സാമ്പത്തിക പ്രതിസന്ധിമൂലമുള്ള ട്രഷറി നിയന്ത്രണം വന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ജോലികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാരും ഗുണഭോക്തൃ സമിതികളും തയ്യാറാകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിപ്പണം പിൻവലിക്കുന്നതിനായി നിലവിലുള്ള രീതിയിൽ ഇതുവരെ മാറ്റം വരുത്തിയിട്ടില്ല.

(സി) ഒരു മാസം പിൻവലിക്കാവുന്ന പരമാവധി പദ്ധതിപ്പണം എത്രയെന്ന് നിശ്ചയിച്ചിട്ടില്ല. അവശേഷിക്കുന്ന വാർഷിക പദ്ധതി കാലയളവിൽ പൂർണ്ണ വിനിയോഗമാണ് ലക്ഷ്യമിടുന്നത്. മാർച്ച് കഴിയുമ്പോഴെ വിനിയോഗം പൂർണ്ണമായോയെന്ന് പറയാൻ കഴിയൂ.

(ഡി) ഇല്ല.

പുരാവസ്തുക്കളുടെയും പൈതൃകശേഷിപ്പുകളുടെയും ഏറ്റെടുക്കലും സംരക്ഷണവും

9 (*129) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുരാവസ്തുക്കളുടെയും, പൈതൃകശേഷിപ്പുകളുടെയും ഏറ്റെടുക്കലും, സംരക്ഷണവും സംബന്ധിച്ച നയം വ്യക്തമാക്കുമോ ; അതിനുള്ള മാനദണ്ഡമെന്താണെന്നു വിശദമാക്കുമോ ;

(ബി) വിവിധ വകുപ്പുകളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും കൈവശത്തിലുള്ളതും പൈതൃകശേഷിപ്പായി സംരക്ഷിക്കപ്പെടേണ്ടവയും സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly